206 (272) ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് നടപടി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിതരണത്തിനുവേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി സംബന്ധിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര ഏക്കർ മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ട്;

(ഡി) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയുടെ വിതരണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) മിച്ചഭൂമി സംബന്ധിച്ച കേസ്സുകളിൽ തീർപ്പ് കൽപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാതല അവലോകന യോഗം നേരിട്ട് നടത്തി ലാന്റ് ബോർഡ് (മെമ്പർ) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നേരിട്ട് നിർദ്ദേശം നൽകിവരുന്നു. വിതരണത്തിന് ലഭ്യമായ മുഴുവൻ ഭൂമിയും എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ജില്ലാകളക്ടർമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ പൊതു ആവശ്യത്തിന് നീക്കിവച്ചിട്ടുള്ള മിച്ചഭൂമിയിൽ ഉപയോഗിക്കാതെ ബാക്കി കിടക്കുന്ന മിച്ചഭൂമി പരിശോധിച്ച് വിതരണയോഗ്യമായ എല്ലാ മിച്ചഭൂമിയും ഭൂരഹിതർക്ക് നൽകുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

(ബി) സംസ്ഥാനത്ത് മൊത്തം 1,30,056 ഏക്കർ ഭൂമിയാണ് മിച്ചഭൂമിയായി കണക്കാക്കിയിട്ടുള്ളത്. ഇതിൽ 96181 ഏക്കർ ഏറ്റെടുത്തു. ഏറ്റെടുക്കാൻ ബാക്കിയുള്ളതിൽ 26737 ഏക്കർ കോടതി സ്റ്റേയിലും 16026 ഏക്കർ വനഭൂമി തർക്കം, അന്യകൈവശം മുതലായവയിലുമാണ്. ഏറ്റെടുക്കാൻ ലഭ്യമായത് 1112 ഏക്കറാണ്. ഏറ്റെടുത്ത മിച്ചഭൂമിയിൽ 85957 ഏക്കർ ഭൂരഹിതരായവർക്ക് വിതരണം ചെയ്യുകയും 19767 ഏക്കർ പൊതുആവശ്യത്തിന് നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുത്ത് വിതരണം ചെയ്യപ്പെടുവാൻ ബാക്കിയുള്ളതിൽ 4626 ഏക്കർ സ്റ്റേയിലും 5253 ഏക്കർ വനഭൂമി തർക്കം, അന്യകൈവശം മുതലായവയിലുംപെട്ട് കിടക്കുന്നു. ഇപ്പോൾ വിതരണത്തിന് ലഭ്യമായത് 576 ഏക്കർ മാത്രമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1724 ഏക്കർ മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയുടെ വിതരണം ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ട എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ)&(എഫ്) താലൂക്ക് ലാന്റ് ബോർഡുകളിൽ ഇനിയും തീർപ്പാക്കാതെ കിടക്കുന്ന ഭൂപരിധി നിർണ്ണയ കേസ്സുകൾ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ താലൂക്ക് ലാൻഡ് ബോർഡിന്റെയും ചുമതല ഓരോ പ്രത്യേക ചെയർമാന്റെ (ഡെപ്യൂട്ടി കളക്ടർ/ആർ.ഡി.ഒ) നിയന്ത്രണത്തിലാക്കിക്കൊണ്ടുള്ള ഉത്തരവ് ഇതിനകം ഗവൺമെന്റ് പുറപ്പെടുവിക്കുകയും, അതിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. മിച്ചഭൂമി സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകൾ എത്രയും വേഗം തീർപ്പ് കല്പിക്കുന്നതിലേക്ക് കോടതി ആവശ്യപ്പെടുന്ന റിക്കാർഡുകളും മറ്റു വിവരങ്ങളും കാലതാമസം കൂടാതെ കോടതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ലാന്റ് ബോർഡ് കൈകൊണ്ടുവരുന്നു. കൂടാതെ കേസുകൾ അടിയന്തിരമായി തീർപ്പുകല്പിക്കുന്നതിലേക്ക് സത്വര നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി രണ്ടു ഗവൺമെന്റ് പ്ലീഡർമാരുടെ സേവനം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ ലാന്റ് ബോർഡ് അസിസ്റ്റന്റ് സെക്രട്ടറിയെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

207 (273) ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗ സാധ്യത വർധിപ്പിക്കുന്നതിനെ സംബന്ധിച്ച് പഠനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന ക്ഷമത വർധിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ചെറുകിട ഉല്പാദകരിൽനിന്നും ഉല്പന്നങ്ങൾ വാങ്ങിയവരെ സഹായിക്കുന്നതിനായുള്ള നടപടി ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(ഡി) കയർ വികസന കോർപ്പറേഷന്റെ നേതൃത്വത്തിലുള്ള ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനവും വിപണനവും വർധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗ സാധ്യത വർധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly